ഉത്തരം

(എ) കോളനി നിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ/ സങ്കേതങ്ങളിൽ തീവ്രസങ്കേതവികസന പരിപാടിയനുസരിച്ച് തെരഞ്ഞെടുത്ത് അവിടങ്ങളിൽ റോഡ്, വീട്, വൈദ്യുതി, ശുദ്ധജലം ആരോഗ്യസംരക്ഷണം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന നടപ്പാക്കിവരുന്നു. കൂടാതെ അംബേദ്കർ ഗ്രാമങ്ങളിലും ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. പ്രത്യേക ഘടകപദ്ധതി - ഗിരിവർഗ്ഗ ഉപപദ്ധതികളിലൂടെ പല വികസന വകുപ്പുകളും എല്ലാ സങ്കേതങ്ങളിലും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തൊഴിൽസൗകര്യം ഉറപ്പുവരുത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ജീവനോപാധികൾ നൽകിവരുന്നു. അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾക്കിരയായവരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

(ബി) സ്കൂൾ തുറക്കുന്ന സമയത്തുതന്നെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും അർഹരായവർക്ക് സ്റ്റൈപ്പന്റും നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സമീപപ്രദേശങ്ങളിൽ സ്കൂൾ സൗകര്യമില്ലെങ്കിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കുന്നതിനും സംവിധാനമുണ്ട്. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു.

9 (153) പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളാണ് ഉള്ളത്;

(ബി) ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ വിഭാഗത്തിലും എത്ര കുടുംബങ്ങളാണ് ഉള്ളത് എന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കോളനികളിൽ എല്ലാ കുടുംബങ്ങൾക്കും വീട്, വൈദ്യുതി, കിണർ, കക്കൂസ് തുടങ്ങിയ പ്രാഥമികസൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് ആകെ 12807 പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ട്. അതിൽ 8862 പട്ടികജാതി കോളനികളും 3945 പട്ടികവർഗ്ഗ കോളനികളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ഉം II ഉം കാണാവുന്നതാണ്.†

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

10 (154) പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകം ദുരിതാശ്വാസനിധി

ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എം. നാരായണൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി പ്രത്യേകം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ ദുരിതാശ്വാസനിധിയിൽനിന്നും ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ എത്രവീതം നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിധിയിൽ നിന്നുള്ള ആനുകൂല്യം ഇതിനകം എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ നിധിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകൾ പാലിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാൻസർ മുതലായ രോഗങ്ങൾക്കുള്ള ചികിത്സ, ദീർഘകാലമായി നടത്തിവരുന്ന ചികിത്സാച്ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് മുതലായവക്ക് പരമാവധി 25,000 രൂപയും തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം അത്യാവശ്യമായി വരുന്ന ചെലവുകൾക്ക് പരമാവധി 10000 രൂപാ വരെ ധനസഹായം നൽകുന്നു.

(സി) 1024 പട്ടികജാതിക്കാർക്കും 59 പട്ടികവർഗ്ഗക്കാർക്കും ഈ നിധിയിൽ നിന്നും ഇതുവരെ ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) വാർഷിക കുടുംബവരുമാനം 25,000 രൂപയിൽ കവിയാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുമാത്രമേ ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വരുമാനദായകർ രോഗംമൂലം മരണപ്പെടുക, ദീർഘകാല ചികിത്സ ആവശ്യമായി വരുക, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം അത്യാവശ്യച്ചെലവുകൾ വേണ്ടിവരുക തുടങ്ങിയ അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തികസഹായം നൽകുന്നതാണ്. അപേക്ഷ സമർപ്പിക്കു

† അനുബന്ധം III (a-b)

LIBRARY ARCHIVES Kerala Legislative Assembly

നുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് മൈത്രീ പദ്ധതിയിൽ സ്റ്റേജ് സർട്ടിഫിക്കറ്റു നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ളവർ നൽകേണ്ടതുമാണ്.

അനുബന്ധം - III (a)

22.6.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (153) ദയവായി കാണുക.

പട്ടികജാതി കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം

ക്രമ നം.	ജില്ല	കോളനികളിലെ കുടുംബങ്ങളുടെ എണ്ണം
1.	തിരുവനന്തപുരം	31414
2.	കൊല്ലം	16408
3.	പത്തനംതിട്ട	19666
4.	ആലപ്പുഴ	14103
5.	കോട്ടയം	6255
6.	ഇടുക്കി	4328
7.	എറണാകുളം	24018
8.	തൃശ്ശൂർ	16147
9.	പാലക്കാട്	18455
10.	മലപ്പുറം	29155
11.	കോഴിക്കോട്	14293
12.	വയനാട്	1189
13.	കണ്ണൂർ	7729
14.	കാസർഗോഡ്	7586
	ആകെ	210746

അനുബന്ധം - III (b)

1991-ൽ സെൻസസ് പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം

ക്രമ നം.	ജില്ല	കുടുംബങ്ങളുടെ എണ്ണം
1.	തിരുവനന്തപുരം	4059
2.	കൊല്ലം	925
3.	പത്തനംതിട്ട	1647
4.	ആലപ്പുഴ	651
5.	കോട്ടയം	3999
6.	ഇടുക്കി	11516
7.	എറണാകുളം	1212
8.	തൃശ്ശൂർ	967
9.	മലപ്പുറം	2363
10.	പാലക്കാട്	8610
11.	വയനാട്	23287
12.	കോഴിക്കോട്	1215
13.	കണ്ണൂർ	3635
14.	കാസർഗോഡ്	5355

204/2010.

LIBRARY ARCHIVES Kerala Legislative Assembly